# STD - VII

## അദ്ധ്യാപക സഹായി

## പാഠം - നാല് ദൈവപുത്രനായ യേശു ഭാഗം - ഒന്ന്

### ലക്ഷ്യം

യേശുവിന്റെ സമർപ്പണത്തിൽ സംപ്രീതനായ ദൈവം, യേശു തന്റെ പ്രിയപുത്രനെന്ന് ലോകത്തിന് വെളിപ്പെടുത്തി. ദൈവത്തിനും സമൂഹത്തിനും വേണ്ടി നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ നാമും ദൈവത്തിന് പ്രിയപ്പെട്ട മക്കളായിത്തീരും

### പഠനസഹായികൾ

* വചനം - മത്താ. 3:17, മത്താ. 17:5
* വീഡിയോ (യൂട്യൂബ്) - യേശുവിന്റെ ജ്ഞാനസ്നാനം, രൂപാന്തരീകരണം
* മാനസാന്തരം വന്ന മനുഷ്യരുടെ ജീവിതകഥകൾ
* വിശുദ്ധ അഗസ്റ്റിന്റെ ജീവിതം
* വചനം - യോഹ. 14:8-11, യോഹ. 10:30
* ശിലയിൽ നിന്നും ശില്പത്തിലേക്കുള്ള മാറ്റം - വീഡിയോ
* മാതാപിതാക്കളും മക്കളും സ്നേഹം പങ്കിടുന്ന ചിത്രങ്ങൾ.

### പാഠത്തിന്റെ ഉള്ളടക്കം

* പിതാവിന്റെ സാക്ഷ്യം - ജോർദ്ദാൻ നദിയിൽവച്ച്, ദൈവത്തിനും, ദൈവജനത്തിനും സ്വയം സമർപ്പിച്ചുകൊണ്ട് യേശു ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ, ദൈവം യേശുവിനെ, ഇവനെന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് ലോകത്തോട് വെളിപ്പെടുത്തി.

* ജ്ഞാനസ്നാനം സ്വീകരിച്ചവർ, ദൈവത്തിനും സമൂഹത്തിനും വേണ്ടി അവരെ സമർപ്പിക്കുമ്പോഴാണ് ദൈവമക്കളാകുന്നത്.

* യേശുവിന്റെ രൂപാന്തരീകരണം - താബോർമലയിൽവച്ച് ഇവൻ എന്റെ പ്രിയപുത്രൻ; ഇവനെ ശ്രവിക്കുവിൻ എന്ന് ദൈവം വീണ്ടും വെളിപ്പെടുത്തുന്നു.

* ജ്ഞാനസ്നാനം വഴി ദൈവപുത്രരായ നാം, ദൈവത്തോട് ചേർന്നുനിന്ന്, പ്രലോഭനങ്ങളിലും സഹനങ്ങളിലും തളരാതെ വിശ്വസ്തരായി മുന്നോട്ടുപോയി ലക്ഷ്യത്തിലെത്തണം.

* യേശു തന്റെ വാക്കിലും പ്രവൃത്തിയിലും താനും പിതാവും ഒന്നാണെന്ന് തെളിയിക്കുന്നു.

* മൂന്നുതലങ്ങളിലൂടെ ക്രിസ്തു ദൈവത്തെ പിതാവായി അവതരിപ്പിക്കുന്നു. (1) സകലത്തിന്റെയും സൃഷ്ടാവും ആദികാരണവും എന്ന് വെളിപ്പെടുത്തുന്നു (2) താൻ പിതാവിന്റെ പ്രിയപുത്രൻ എന്ന് തെളിയിക്കുന്നു (3) എല്ലാവരുടെയും സ്നേഹപിതാവാണ് ദൈവം എന്ന് പ്രഖ്യാപിക്കുന്നു.

* പുരാതനകാലം മുതൽതന്നെ ഇസ്രായേൽക്കാർ ദൈവത്തിന് പിതാവിനടുത്ത സ്ഥാനം നൽകിയിരുന്നു. മക്കളോടെന്നപോലെ സ്നേഹവും വാത്സല്യവും ദൈവം അവരോട് പ്രകടിപ്പിച്ചിരുന്നു.

## പ്രാർത്ഥന

ദൈവപുത്രനായ യേശുനാഥ, ജ്ഞാനസ്നാനം വഴി ഞങ്ങൾക്കു ലഭിച്ച ദൈവപുത്രസ്ഥാനത്തിന് അനുയോജ്യമായ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

# STD - VII

## അദ്ധ്യാപക സഹായി

**പാഠം - നാല്   ദൈവപുത്രനായ യേശു   ഭാഗം - രണ്ട്**

ക്ലാസ് ഭാഗം ഒന്നിലെ പ്രധാനപ്പെട്ട ആശയങ്ങൾ പറഞ്ഞുകൊണ്ട് രണ്ടാം ഭാഗം ക്ലാസ് തുടങ്ങുന്നു.

## പാഠത്തിന്റെ ഉള്ളടക്കം

* പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിൽ ഒന്നാണെന്നും, പിതാവായ ദൈവത്തിൽ നിന്നാണ് പുത്രനായ ദൈവം പുറപ്പെടുന്നതെന്നും യോഹന്നാൻ തന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തുന്നു. (യോഹ. 1:1-2)
* ജീവിതത്തിലെ നിർണായക നിമിഷങ്ങളിൽ യേശു പ്രാർത്ഥനയിലൂടെ ദൈവഹിതം ആരാഞ്ഞു.
* സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിലൂടെ പ്രാർത്ഥിക്കാൻ യേശു പഠിപ്പിക്കുന്നു.
* പ്രാർത്ഥനയിലൂടെ ദൈവഹിതമറിഞ്ഞ് പ്രവൃത്തിയിലൂടെ, ജീവിതം കൊണ്ട് അത് നിറവേറ്റുക. യേശുവിനെ പ്രഘോഷിക്കുക.
* മനുഷ്യപുത്രൻ ആരെന്നാണ് ശിഷ്യർ പറയുന്നത് എന്നതിന്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് പത്രോസ് പറയുന്നു.
* ദൈവപുത്രനായ ക്രിസ്തുവിന്റെ ജീവിതം നമ്മുടേയും ജീവിതമായി മാറണം. നമ്മുടെ ജീവിതത്തിലൂടെയാണ് ഇന്ന് ലോകത്തിന് ക്രിസ്തുവിനെ കാട്ടിക്കൊടുക്കേണ്ടത്.

## പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ പിതാവേ, ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ പ്രാർത്ഥനയിലൂടെ ദൈവഹിതമറിഞ്ഞ്, പ്രവൃത്തിയിലൂടെ ക്രൈസ്തവ ജീവിതം നയിച്ച് യേശുവിനെ പ്രഘോഷിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു നൽകണമേ.

## ചോദ്യങ്ങൾ

1. മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? പത്രോസ് പറഞ്ഞത്?
2. നാം യഥാർത്ഥ ദൈവമക്കളാകുന്നത് എപ്പോൾ?
3. യേശു തന്റെ പ്രിയപുത്രനാണെന്ന് ദൈവം വെളിപ്പെടുത്തുന്ന രണ്ടു സന്ദർഭങ്ങൾ എഴുതുക
4. "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്കതു മതി" ഇത് ഏതവസരത്തിൽ ആരു പറഞ്ഞു?
5. ക്രിസ്തു ദൈവത്തെ പിതാവായി അവതരിപ്പിക്കുന്ന മൂന്നുതലങ്ങൾ എഴുതുക.